# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

22/03/2013 - ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1481

## <u>വരൾച്ച മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് ധനസഹായം</u>

**<u>ചോദ്യം</u>**

ശ്രീ. ജി. സുധാകരൻ

**<u>മറുപടി</u>**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**(എ)** വരൾച്ച മൂലം ആലപ്പുഴ ജില്ലയിലെ ഏതെല്ലാം പാടശേഖരങ്ങളിൽ കൃഷി നാശം സംഭവിച്ചുവെന്ന് വിശദമാക്കുമോ;

**(എ)** വരൾച്ചമൂലം ആലപ്പുഴ ജില്ലയിലെ 47 പാടശേഖരങ്ങളിൽ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** വരൾച്ച കൃഷിനാശം മൂലം ആലപ്പുഴ ജില്ലയിലെ നെൽകർഷകർക്ക് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്;

**(ബി)** വരൾച്ചാ കൃഷിനാശം മൂലം ആലപ്പുഴ ജില്ലയിലെ നെൽകർഷകർക്ക് 1.85 കോടി രൂപയുടെ നഷ്ടം ഉണ്ടായതാണ് കണക്കാക്കിയിട്ടുള്ളത്. കൂടാതെ ഉത്പാദനത്തിലുള്ള നഷ്ടം കൂടി കണക്കാക്കിയാൽ 4 കോടി രൂപ അധികമായി നഷ്ടം വരുമെന്ന് കണക്കാക്കപ്പെടുന്നു.

**(സി)** നഷ്ടം സംഭവിച്ച കർഷകർക്ക് സഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**(സി)** വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷിഭവൻ വഴി സ്വീകരിച്ചു വരുന്നു. കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് വിള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പൂർണ്ണമായും നെൽകൃഷി നശിച്ച കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിനായി 15,240 കി.ഗ്രാം നെൽവിത്ത് സംസ്ഥാനത്തൊട്ടാകെ സംസ്ഥാന വിത്ത് വികസന അതോറിറ്റി വഴി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| കൃഷി ഭവൻ | പാടശേഖരത്തിന്റെ പേര് | നാശനഷ്ടം സംഭവിച്ച സ്ഥലത്തിന്റെ വിസ്തൃതി |
|---|---|---|
| തകഴി | വരിക്കാട്ടുകരി | 30 |
| | മുക്കട കിഴക്ക് | 15 |
| | കരിയാർമുടിയിലക്കരി | 45 |
| | ചെട്ടുതറക്കരി | 6 |
| | വേഴപ്പുറം കിഴക്ക് | 3 |
| | കടംപുറം 300 | 3 |
| | കട്ടത്തറ കടവ് | 3 |
| | വെള്ളാർക്കോണം | 4 |
| | പനവേലി | 1,9 |
| | കുന്നുവൻകാട് | 2 |
| | തകഴിഭാഗം കിഴക്ക് | 7 |
| | തകഴിഭാഗം പടിഞ്ഞാറ് | 5 |
| കോടംതുരുത്ത് | കൊച്ചുചങ്ങാരം | 35 |
| | ചങ്ങാരം | 7 |
| | തെക്കേചങ്ങാരം | 9 |
| | വിളഞ്ഞൂർ | 8 |
| | തട്ടാരി | 12 |
| | ചങ്ങരം വടക്കേ ബ്ലോക്ക് | 18 |
| കുത്തിയതോട് | കൊച്ചുവാവക്കാട് | 44 |
| | പള്ളിത്തോട് | 15 |
| | വാവക്കാട് മുക്കാൽ വീതം | 12 |
| തുറവൂർ | തെക്കേപുത്തൻകാട് | 15 |
| | നവോദയ | 5 |
| പട്ടണക്കാട് | ചെമ്പശ്ശേരി | 60 |
| അരൂർ | ഇളയപാടം | 16 |
| കുത്തിയതോട് ബ്ലോക്ക് | ചതറിക്കിടക്കുന്നവ | 34 |
| കരുവാറ്റ | മാന്തറ മീൻചാൽ | 60 |
| കൈനകരി | കുപ്പപ്പുറം | 19.78 |
| ഹരിപ്പാട് | കൊച്ചുപ്പാപ്പാട് | 5.92 |
| തെക്കേക്കര | ചെറുകുന്നം | 8 |
| | കുറത്തിക്കാട് | 18 |
| | വാത്തിക്കുളം | 1.42 |
| | പള്ളിയവട്ടം | 8.9 |
| | വരേണിക്കര | 11.68 |
| അമ്പലപ്പുഴ തെക്ക് | കട്ടക്കുഴി കാട്ടുങ്കൽ പനച്ചിത്തറ | 20 |
| | മഠത്തിൽ വടക്കുവശം | 52 |
| | കരിങ്ങാലിത്തറ | 15 |
| | അമ്പലപ്പുഴ പാടം | 7 |
| | പുല്ലുക്കരി പാടം | 6 |
| | പുളിക്കൽ പാടം | 23 |
| | നടുക്കേമേലത്തുംകരി | 28 |
| | വടക്കേമേലത്തുംകരി | 7 |
| | ഉപ്പുങ്കൽ | 7 |
| | തെക്കുമൂല | 5 |
| | വട്ടത്തറ 100 പറ | 6 |
| | ചെമ്പിൽ | 2 |
| പുറക്കാട് | നാലുചിറ വടക്ക് | 14.40 |
| | ആകെ | 741.00 |

സെക്ഷൻ ഓഫീസർ